**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2810** **18-03-2022 - ൽ മറുപടിയ്ക്ക്**

**സെന്റർ ഫോർ സ്കിൽ എക്സലൻസ് പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ മണ്ണന്തലയിലുള്ള സെന്റർ ഫോർ സ്കിൽ എക്സലൻസ് (അംബേദ്കർ ഭവൻ) എന്ന സ്ഥാപനത്തിന്റെ നിർമ്മാണത്തിനും സജ്ജീകരണങ്ങൾക്കുമായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ എന്നുവരെ പ്രവർത്തിച്ചിട്ടുണ്ടെന്ന് വ്യക്തതമാക്കാമോ; | (എ) | സെന്റർ ഫോർ സ്കിൽ എക്സലൻസ് (അംബേദ്കർ ഭവൻ) എന്ന സ്ഥാപനത്തിന്റെ നിർമ്മാണത്തിനും സജ്ജീകരണങ്ങൾക്കുമായി 71,65,965/-രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് സ്ഥാപനം പ്രവർത്തന രഹിതമായി കിടന്നിരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനം മുഖേന എത്ര പേർക്ക് പരിശീലനം നൽകി; അവരിൽ എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്; വിവരങ്ങൾ നൽകുമോ; | (ബി) | സെന്റർ ഫോർ സ്കിൽ എക്സലൻസ് (അംബേദ്കർ ഭവൻ) എന്ന സ്ഥാപനം മുഖേന 2019-20 ൽ 65 പേർക്കും 2020-21 ൽ 63 പേർക്കും പരിശീലനം നൽകി. 65 പേർക്ക് പരിശീലനാന്തരം തൊഴിൽ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കാത്തതിന്റെ കാരണമെന്താണ്; സ്ഥാപനത്തിന്റെ നടത്തിപ്പിനായി പുതിയ ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ പരിശീലനപരിപാടികൾ നടത്താൻ കഴിയാത്തതിനാലാണ് സ്ഥാപനം പ്രവർത്തിക്കാതിരുന്നത്. സ്ഥാപനത്തിന്റെ നടത്തിപ്പിനായി നിലവിൽ പുതിയ ഏജൻസികളെ നിയോഗിച്ചിട്ടില്ല. പുതിയ ഏജൻസിയെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ